## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6539** **11-07-2024 - ൽ മറുപടിയ്ക്ക്**

## സ്മാർട്ട് റോഡുകളുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്മാർട്ട് റോഡുകളുടെ നിർമ്മാണത്തിന് യൂട്ടിലിറ്റി കേബിളുകൾ തടസ്സമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സ്മാർട്ട് റോഡുകളിൽ യൂട്ടിലിറ്റി കേബിളുകളും നിലവിലെ ഓവർഹെഡ് കേബിളുകളും, ഭാവിയിൽ റോഡ് വെട്ടിപ്പൊളിക്കാതെ മെയിന്റയിൻ ചെയ്യുന്നതിന് വേണ്ടി ഡക്ടുകൾ സ്ഥാപിച്ച് അതിലൂടെ കടത്തി വിടുന്നതിന് ആഴത്തിൽ ട്രഞ്ച് എടുക്കേണ്ടതുണ്ട്. നിലവിലെ യൂട്ടിലിറ്റി കേബിളുകളും പൈപ്പുകളും സുഗമമായി ട്രഞ്ച് എടുക്കുന്നതിന് തടസ്സമായിട്ടുണ്ട്. |
| (ബി) | കിള്ളിപ്പാലം അട്ടക്കുളങ്ങര റോഡിൽ സ്മാർട്ട് റോഡ് നിർമ്മാണം ആരംഭിച്ചതിന് ശേഷം ഓടയുടെ ഡിസൈൻ മാറ്റേണ്ടതായി വന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | കിള്ളിപ്പാലം - അട്ടക്കുളങ്ങര റോഡിൽ സ്മാർട്ട് റോഡ് നിർമ്മാണം ആരംഭിച്ചതിന് ശേഷം ഈ റോഡിന്റെ തെക്ക് വശത്തുള്ള ഗംഗ നഗർ, യമുന നഗർ എന്നീ പ്രദേശങ്ങളിൽ ഉണ്ടാകുന്ന വെള്ളക്കെട്ട് പരിഹരിക്കുന്നതിനാണ് ഡിസൈൻ മാറ്റേണ്ടി വന്നത്. ഓപ്പറേഷൻ അനന്തയുടെ വീതിയിൽ ഓട നിർമ്മിക്കുവാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശിച്ചു. |
| (സി) | ശരിയായ പ്ലാനിംഗ് ഇല്ലാതെ പദ്ധതികൾ ആരംഭിച്ചതുമൂലം ഉണ്ടായിട്ടുള്ള മേൽപ്പറഞ്ഞ വീഴ്ചകൾ സംബന്ധിച്ച് ഉത്തരവാദികളായവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | നിശ്ചയിച്ച പ്ലാനിംഗോടെ തന്നെയാണ് സ്മാർട്ട് റോഡ് പ്രവൃത്തി പുരോഗമിക്കുന്നത്. |

സെക്ഷൻ ഓഫീസർ